LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി നബാർഡിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ആർ.ഐ.ഡി.എഫ്. റോഡ് പ്രോജക്ടുകളിലുൾപ്പെട്ട ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി ഗ്രാമ പഞ്ചായത്തിലെ മേച്ചിറ മെയിൻ കനാൽ ബണ്ട് റോഡ് (30 ലക്ഷം രൂപ) പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ടി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് ചാലക്കുടി ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർക്ക് ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കോടശ്ശേരി ഗ്രാമ പഞ്ചായത്തിലെ മേച്ചിറ മെയിൻ കനാൽ ബണ്ട് റോഡിന് 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകാരത്തിനായി ബ്ലോക്കിൽനിന്നും സമർപ്പിച്ചിരുന്നത്. എന്നാൽ നബാർഡിന്റെ അംഗീകാരം ലഭിച്ചത് 30 ലക്ഷം രൂപയ്ക്കാണ്. എസ്റ്റിമേറ്റ് പ്രകാരം എർത്ത് വർക്കിന് 2,11,968 രൂപയും ഡബ്ല്യു.ബി.എം-1-ന് 9,21,989 രൂപയുമാണ് വകയിരുത്തിയത്. നബാർഡ് പരിശോധന നടത്തി അംഗീകരിച്ചപ്പോൾ എർത്ത് വർക്കിന് 1,11,968 രൂപയും ഡബ്ല്യു.ബി.എം-1-ന് 8,21,989 രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ എസ്റ്റിമേറ്റ് അതിൻപ്രകാരം മാറ്റംവരുത്തി പ്രവൃത്തിക്ക് സാങ്കേതികാനുമതി വാങ്ങി പ്രവൃത്തി ആരംഭിക്കുന്നതിന് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡ് കടന്നുപോകുന്നത് ഇറിഗേഷൻ വകുപ്പിന്റെ കനാൽ ബണ്ടിലൂടെ ആയതിനാൽ ടി വകുപ്പിൽനിന്നും അനുവാദം വാങ്ങി അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിനും ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സഹശ്രീ പദ്ധതി

53 (3020) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന ഏജൻസി നടപ്പാക്കുന്ന സ്വയം തൊഴിൽ പദ്ധതിയായ സഹ്യശ്രീയുടെ പ്രവർത്തനവും പ്രയോജനവും വിലയിരുത്തിയിട്ടുണ്ടോ ;
എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) എത്ര സ്വയം സഹായ സംഘങ്ങളെ ഈ പദ്ധതിയുടെ പ്രയോജനകരാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കൂടുതൽ പേരെ ഈ പദ്ധതിയുടെ പ്രയോജന പരിധിയിൽ കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. ഓരോ മാസവും മലയോര വികസന ഏജൻസിയുടെ വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യാറുണ്ട്. ഇതിന്റെ ഭാഗമായി സഹ്യശ്രീയുടെ പ്രവർത്തനം വിലയിരുത്തുകയും അവയുടെ പ്രയോജനം കൂടുതൽ ജനങ്ങൾക്ക് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ബി) 96 സ്വയംസഹായ സംഘങ്ങളെ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കാൻ സാധിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ സ്വയംസഹായ സംഘങ്ങൾക്ക് സഹായം ലഭ്യമാക്കി പദ്ധതിയുടെ പ്രയോജന പരിധിൽ കൊണ്ടു വരുന്നതാണ്.

കണ്ണൂർ ജില്ലയിലെ പി.എം.ജി.എസ്.വൈ. റോഡുകൾ

54 (3021) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ ഏതൊക്കെ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും റോഡുകൾ തിരിച്ച് വിശദമാക്കാമോ ;

(ബി) പദ്ധതി പ്രകാരം 2014-15 വർഷം കണ്ണൂർ ജില്ലയിലെ ഏതൊക്കെ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും, ഭരണാനുമതി നൽകാൻ ബാക്കിയുള്ള എത്ര റോഡുകളുടെ പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്നും അവ ഏതൊക്കെ ആണെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly